2012 January

സ്പെഷ്യൽ സപ്ലിമെന്റ്

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. No.KERMAL/2008/26530 Annual Subscription Rs. 100/- Pages: 12

# റവ. എം. കുഞ്ഞപ്പി പുറത്തേക്ക്

# കേരളാ സ്റ്റേറ്റിലും റീജിയനിലും അധികാരമാറ്റം

## റവ. പി. ജെ. ജെയിംസ് പുതിയ സ്റ്റേറ്റ് ഓവർസിയർ റവ. ജോസഫ് റ്റി. സാം റീജിയൻ ഓവർസിയർ



റവ. പി ജെ. ജെയിംസ്

### ഓവർസിയർ ഇലക്ഷനുമായി ബന്ധപ്പെട്ട് ബിലീവേഴ്സ് ജേണൽ കഴിഞ്ഞ വർഷം നടത്തിയ അഭിപ്രായ സർവ്വേ ശരിവെയ്ക്കുന്ന ഫലം

**റവ. പി. ജെ. ജെയിംസ് 595 വോട്ട് (78%), റവ. എം. കുഞ്ഞപ്പി 191 വോട്ട് (21%)**

**റവ. ജോസഫ് റ്റി. സാം 113 വോട്ട് , വി. ജോർജ്ജ് 76 വോട്ട്**



റവ. എം. കുഞ്ഞപ്പി

**തിരുവല്ല:** നാലുവർഷത്തെ ഭരണത്തിനൊടുവിൽ റവ. എം. കുഞ്ഞപ്പി അധികാരത്തിൽ നിന്ന് പുറത്തേക്ക്. നാടകീയ സംഭവ വികാസങ്ങൾക്കൊടുവിൽ നടന്ന പ്രിഫറൻസ് ബാലറ്റിലാണ് എഡ്യൂക്കേഷൻ ഡയറക്ടറായ പി. ജെ.ജെയിംസ് അധികാരത്തിൽ എത്തുന്നത്. കഴിഞ്ഞ കൗൺസിൽ റവ. എം. കുഞ്ഞപ്പി രണ്ടു വർഷത്തേയ്ക്ക് കൂടി തുടരാൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ തുടർന്ന് നടന്ന കൗൺസിൽ ഇലക്ഷനിൽ തന്നെ എതിർക്കുന്നവർ ആധിപത്യം നേടുകയായിരുന്നു. ശുശ്രൂഷകർക്കും വിശ്വാസികൾക്കും അനഭിമതരായ ചിലരെ കൂടെ കൂട്ടി മത്സരരംഗത്ത് വന്നതാണ് കൗൺസിലിൽ പരാജയപ്പെടുവാൻ കാരണമെന്ന് നിരീക്ഷകർ. ഉപഗ്രഹങ്ങളെപ്പോലെ ചുറ്റും നിന്ന ചിലരുടെ പ്രവർത്തികളും അവർക്കെതിരെ ഉയർന്ന അഴിമതി ആരോപണങ്ങളും ഇപ്പോഴത്തെ പരാജയത്തിന്റെ ആക്കം കൂട്ടി.

എം. കുഞ്ഞപ്പിയുടെ ഭരണകാലത്ത് ഏറ്റവും കൂടുതൽ ആരോപണം ഉയർന്നത് ചാരിറ്റി ബോർഡുമായി ബന്ധപ്പെട്ടാണ്. കഴിഞ്ഞ വർഷം ബിലീവേഴ്സ് ജേണൽ ഇത് റിപ്പോർട്ട് ചെയ്തിരുന്നു. തൊടുപുഴയിലെ വസ്തുവിന്റെ വില്പന, ആറന്മുളയിൽ നടത്തിയ വസ്തു ഇടപാട്, ചാരിറ്റിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് വിതരണം



റവ. ജോസഫ് റ്റി. സാം

ചെയ്ത സ്കൂൾ ബാഗ് വാങ്ങിയത് ഇവയ് ക്കെതിരെയെല്ലാം അഴിമതി ആരോപണം ശക്തമായിരുന്നു. തൊടുപുഴയിലെ വസ്തു വില്ക്കുവാൻ പോകുന്നു എന്ന കാര്യം ആദ്യം റിപ്പോർട്ട് ചെയ്തത് ബിലീവേഴ്സ് ജേണലാണ്. എന്നാൽ കഴിഞ്ഞ കൺവൻഷനി ൽ ഇവയെല്ലാം നിഷേധിക്കുകയാ ണ് ഉത്തരവാദിത്തപ്പെട്ടവർ ചെയ്തത്. ആരോപണം ശക്തമായപ്പോൾ ആറന്മുള വസ് തു ഇടപാടിനെക്കുറിച്ച് അന്വേഷിക്കുവാൻ എൻകയറി കമ്മീഷനെ നിയമിച്ചെങ്കിലും കമ്മീഷൻ റിപ്പോ ർട്ടിൽ ജനത്തിന് വിശ്വാസം വന്നില്ല എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ ദിവസം ഒരു കൗൺസിൽ മെമ്പറിനെതിരെ ഉണ്ടായ ഭീക്ഷണിയും ഗ്രൗണ്ടിൽ ഇദ്ദേഹത്തിനെതിരെ നടന്ന മോശമായ പെരുമാറ്റവും വളരെ പെട്ടെന്ന് ഒരു പ്രിഫറൻസ് ബാലറ്റിലേക്ക് നയിക്കുന്നതിന് സൂപ്രണ്ടിനെ പ്രേരിപ്പിച്ചു.

റവ. പി. ജെ. ജെയിംസ് എന്നും അധികാര മത്സരത്തിൽ നിന്ന് ഒഴിഞ്ഞു നിന്ന വ്യക്തിയാണ്. ചിട്ടയായ ഭരണത്തിലൂടെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനെ പുരോഗതിയിലേക്ക് നയിച്ചു. കഴിഞ്ഞ വർഷം ബിലീവേഴ്സ് ജേണൽ നടത്തിയ ഓവർസിയർ ഇലക്ഷൻ അഭിപ്രായ സർവ്വേയിൽ ഏറ്റവും കൂടുതൽ വോട്ടു നേടിയത് റവ. പി. ജെ. ജെയിംസായിരുന്നു. ദീർഘ വർഷങ്ങളായി ചർച്ച് ഓഫ് ഗോഡിന്റെ നേതൃത്വ നിരയിൽ ഉള്ള റവ. പി. ജെ. ജെയിംസിന് അർഹതപ്പെട്ട സ്ഥാനമാണ് കരഗതമായിരിക്കുന്നത്. അസിസ്റ്റന്റ് ഓവർസിയർ സ്ഥാനത്തേയ്ക്കും മറ്റ് അധി

ശേഷം പേജ്: 03

## പുതിയ സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുക്കപ്പെട്ടു

**2012** ജനുവരി 10 ന് മുളക്കുഴയിൽ നടന്ന ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പിൽ പാസ്റ്റേഴ്സ് പി. ജെ. ജെയിംസ്, ബെൻസ് ഏബ്രഹാം, എ.റ്റി. ജോസഫ്, വൈ. റെജി, ജോൺസൺ ദാനിയേൽ, തോമസ് എം. പുളിവേലിൽ, എം. ജോൺസൺ, മാത്യു. കെ. ഫിലിപ്പ്, ഷിബു. കെ. മാത്യു, റ്റി. എ. ജോർജ്ജ്, എം. ഇ. ബേബി, റ്റി. സി. ചെറിയാൻ, കെ. കെ. കോരിത്, കെ. വി. ജോയിക്കുട്ടി, ജെ. ജോസഫ് എന്നിവർ വിജയിച്ചു.

പതിവിന് വിപരീതമായി വാശിയേറിയ മത്സരമാണ് ഇക്കുറി നടന്നത്. മുപ്പത്തിയഞ്ച് സ്ഥാനാർത്ഥികളാണ് രംഗത്തുണ്ടായിരുന്നത്. ഇതിൽ പാസ്റ്റർ പി. ജെ. ജെയിംസ് 588 വോട്ടു ലഭിച്ച് ഒന്നാമത് എത്തിയപ്പോൾ 35മനായ എം. വി. ശാമുവേൽ 31 വോട്ടു നേടി. ശക്തമായ പാനലുകളും ഭവന സന്ദർശനങ്ങളും വാഗ്ദാനങ്ങളും പ്രലോഭനങ്ങളും ചേരിതിരിവുമൊക്കെ പ്രകടമായ തെരഞ്ഞെടുപ്പാണ് ഇത്തവണ അരങ്ങേറിയത്. ചെറുപ്പക്കാർ മേൽകൈ നേടിയ തെരഞ്ഞെടുപ്പ് വരുവാൻ പോകുന്ന തെരഞ്ഞെടുപ്പുകളിലും മാറ്റം കൊണ്ടു വരും എന്ന സൂചന നൽകുന്നു.

### സാക്ഷി



ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ ഗ്രൗണ്ടിൽ ചുഴലിക്കാറ്റ്

*ഏലിയാവുമാരെ തിരിച്ചറിയുവാൻ പറ്റിയ സന്ദർഭം*

## ദൈവീക വിശ്വാസം ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം: റവ. എം. കുഞ്ഞപ്പി




**തിരുവല്ല:** ദൈവീക വിശ്വാസമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമെന്നും വിശ്വാസത്താൽ ദൈവീക പ്രസാധം നേടുന്ന വ്യക്തിയ്ക്ക് മാത്രമേ അനുഗ്രഹങ്ങളും നിത്യ രക്ഷയും ലഭിക്കുകയുള്ളൂവെന്നും ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ റവ. എം. കുഞ്ഞപ്പി പ്രസ്താവിച്ചു. തിരുവല്ലയിൽ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 89-ാമത് കൺവൻഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കുമെന്ന കൺവൻഷൻ ചിന്താവിഷയം അവതരിപ്പിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. അസിസ്റ്റന്റ് ഓവർസിയർ റവ. പി. ജി. മാത്യൂസ് അദ്ധ്യക്ഷത വഹിച്ചു.

## ഓരോരുത്തർക്കും ലഭിച്ച വോട്ടുകൾ

**പാസ്റ്റർ പി. ജെ. ജെയിംസ് – 588 ബെൻസ് ഏബ്രഹാം – 445 എ. റ്റി. ജോസഫ് – 441 വൈ. റെജി– 419 ജോൺസൺ ദാനിയേൽ – 391 തോമസ് എം. പുളിവേലിൽ–389 എം. ജോൺസൺ– 383 മാത്യു കെ. ഫിലിപ്പ് –339 ഷിബു.കെ. മാത്യു –329 റ്റി. എ. ജോർജ്ജ് – 313 എം. ഇ. ബേബി – 282 റ്റി. സി. ചെറിയാൻ–274 കെ. കെ. കോരുത് –267 കെ. വി. ജോയിക്കുട്ടി – 267 ജെ. ജോസഫ് – 250**

# ഓവർസിയർ ഇലക്ഷന്റെ പിന്നാമ്പുറ കഥകൾ

കഴിഞ്ഞ കൗൺസിൽ രണ്ടു വർഷത്തേയ്ക്ക് ശുപാർശ ചെയ്ത പാസ്റ്റർ എം. കുഞ്ഞപ്പി വോട്ടെടുപ്പിലൂടെ പുറത്താകേണ്ടിവരുന്ന സാഹചര്യം നാടകീയമായിരുന്നു. പുതിയ കൗൺസിൽ അംഗങ്ങളിൽ വ്യക്തിപരമായി പാസ്റ്റർ എം. കുഞ്ഞപ്പിയെ എതിർക്കുന്നവരായിരുന്നില്ല. അവരുടെ എതിർപ്പുകൾ കേന്ദ്രീകരിച്ചത് ചില വ്യക്തികളിലേക്കായിരുന്നു. 1. ചാരിറ്റി ബോർഡിന്റെ പ്രവർത്തനങ്ങളിലുള്ള എതിർപ്പ്. 2. ഓഫീസ് തലപ്പത്തുള്ള വ്യക്തി. ഈ രണ്ട് കേന്ദ്രങ്ങളെയും പുറത്താക്കാതെ ഒത്തുതീർപ്പിനില്ല എന്ന നിലപാട് ശക്തമാക്കിയപ്പോൾ അതിന് വഴങ്ങാതെയിരുന്നതാണ് ഇപ്പോഴത്തെ ഇലക്ഷന് വഴി വെച്ചത്. കഴിഞ്ഞ കൗൺസിലിന്റെ പ്രമേയത്തിന്റെ ഒറിജിനൽ കോപ്പിയുമായി ഹെപ്നറെ സമീപിച്ചതും മറ്റൊരു കാരണമാണ്. കൈയിൽ കിട്ടിയ പ്രമേയവും റവ. പി. ജെ. ജെയിംസിന്റെ അഭിപ്രായവുമെല്ലാം ഇലക്ഷന് ആക്കംകൂട്ടി. സാമ്പത്തിക ആരോപണം ശക്തമായി പരക്കുക കൂടെ ചെയ്തപ്പോൾ ശുശ്രൂഷകരുടെ എതിർപ്പും ശക്തമായി. ഇന്റേണൽ ഓഡിറ്റിംഗ് ടീമിലെ അംഗം ചാരിറ്റിയുമായി ബന്ധപ്പെട്ട് അഴിമതിയുണ്ട് എന്ന് വ്യക്തമാക്കുകകൂടെ ചെയ്തപ്പോൾ ജന വികാരം ശക്തമായ എതിർപ്പായി ഭരണത്തിനെതിരെ മാറി. കഴിഞ്ഞ മൂന്നു വർഷത്തെ എല്ലാ സാമ്പത്തീക ഇടപാടുകളും അന്വേഷിക്കുമെന്നും സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുമെന്നും ഏഷ്യൻ സൂപ്രണ്ട് പ്രസ്താവിക്കുക കൂടെ ചെയ്തപ്പോൾ കാര്യങ്ങൾ കൈവിട്ടുപോയി. ദൈവസഭയുടെ പോളിസി അനുസരിച്ച് രണ്ടു ടേം പൂർത്തീകരിച്ച ഓവർസിയർമാർ പ്രിഫറൻസ് ബാലറ്റിലൂടെ കടന്നുപോകണം. എന്നാൽ ഏഷ്യയിൽ ഇതുവരെയും അത്തരം ഒരു കാര്യം ചെയ്തിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അങ്ങനെ ഒരു കീഴ്വഴക്കം ഇവിടെ സൃഷ്ടിക്കപ്പെടുകയാണ്. ഇനിമുതൽ ഇവിടെ ഓരോ ടേം കഴിയുമ്പോഴും പ്രിഫറൻസ് ബാലറ്റിലൂടെ ശുശ്രൂഷകരുടെ ഹിതം അറിയും എന്ന സായിപ്പിന്റെ പ്രസ്താവന കൈയ്യടിയോടെയാണ് ജനം സ്വീകരിച്ചത്. മാത്രമല്ല, കൗൺസിൽ അല്ല ഓവർസിയറെ തെരഞ്ഞെടുക്കുന്നത് എന്ന പ്രസ്താവനയും ജനം കൈയ്യടിയോടെ സ്വീകരിച്ചു. കൗൺസിൽ അംഗങ്ങളെ സ്വാധീനിക്കുകയും കൗൺസിലിൽ ഇരുന്ന് സ്ഥാനമാനങ്ങൾ കൈയടക്കുകയും ചെയ്യുന്ന പതിവ് ഇനി വിലപ്പോകില്ല എന്നു കരുതാം.

# കൺവൻഷൻ കുളമായി

89–ാമത് കൺവൻഷന്റെ ആദ്യദിനം മുതൽ തന്നെ അന്തരീക്ഷം കാർമേഘാവൃതമായിരുന്നു. ഗ്രൂപ്പു ചർച്ചകളും അണിയറനീക്കങ്ങളുമായി കൺവൻഷന് ചേരാത്ത അന്തരീക്ഷം. കൂടെ പ്രിഫറൻസ് ബാലറ്റ് നടത്തുമെന്ന പ്രഖ്യാപനവും കൂടെയായപ്പോൾ സംഗതി കുശാലായി. സ്റ്റേജിലെ ഒഴിഞ്ഞ കസേരകൾ, ശോഭിക്കാത്ത പ്രസംഗങ്ങൾ, രാഷ്ട്രീയ കളികളിൽ മനം മടുത്ത വിശ്വാസികളുടെയും ശുശ്രൂഷകരുടെയും നിസംഗത ഇതെല്ലാം കൂടെയായപ്പോൾ കൺവൻഷന്റെ ആത്മീയ അന്തരീക്ഷം താറുമാറായി. കൺവൻഷനിടയിൽ ഇത്തരം തെരഞ്ഞെടുപ്പും രാഷ്ട്രീയ കളികളും നടത്തിയവർ ജനത്തോട് മാപ്പ് പറയേണ്ടിവരും. ഞായറാഴ്ച ഉച്ചയ്ക്കു ശേഷമോ മറ്റൊരു ദിവസമോ ഇത് നടത്തിയിരുന്നെങ്കിൽ ഇത്രയും പണം മുടക്കി നടത്തുന്ന കൺവൻഷനിൽ ബദ്ധപ്പെട്ട് കടന്നുവരുന്നവർക്ക് എന്തെങ്കിലും ആത്മീയ അഭിവൃദ്ധി ലഭിക്കുമായിരുന്നു. ഇനിയുള്ള കാലമെങ്കിലും തെരഞ്ഞെടുപ്പുകൾ പാസ്റ്റേഴ്സ് കോൺഫറൻസിൽ നടത്തുവാനുള്ള ക്രമീകരണം ചെയ്യുന്നത് നന്നായിരിക്കും.

# ഓടുന്ന പട്ടിയ്ക്ക് ഒരു മുഴം മുമ്പിൽ

കഴിഞ്ഞ ദിവസം വരെ പാസ്റ്റർ എം. കുഞ്ഞപ്പിയുടെ പക്ഷത്ത് നിന്നിരുന്ന ഒരു വ്യക്തിയുടെ മൊബൈലിൽ നിന്നും പലർക്കു ലഭിച്ച എസ്. എം. എസ്. സന്ദേശം ഇങ്ങനെ. ചർച്ച് ഓഫ് ഗോഡിൽ ഇത്രയും വിദ്യാഭ്യാസമുള്ള നിഷ്കളങ്കനായ വിശുദ്ധനായ വേറെയാരുണ്ട്. പി. ജെ. ജെയിംസ് സാറിന് ഓവർസിയർ ഇലക്ഷനിൽ വോട്ടു ചെയ്യുക. ഒരാൾ ചോദിച്ചപ്പോൾ ലഭിച്ച മറുപടി ഇങ്ങനെയായിരുന്നു. ഓടുന്ന പട്ടിയ്ക്ക് ഒരു മുഴം മുമ്പെ എറിയണ്ടെ. കാലുമാറ്റത്തിന്റെയും കളം മാറ്റത്തിന്റെയും ലക്ഷണങ്ങൾ അവിടവിടെയായി കണ്ടു തുടങ്ങിയിരിക്കുന്നു. ജെയിംസ് സാർ ജാഗ്രതൈ!

# ഇത് ഒരു സ്വതന്ത്രന്റെ വിജയകഥ

പാനലുകൾ തിരിഞ്ഞ് സ്ഥാനാർത്ഥികൾ പലരും കേരളമെങ്ങും യാത്രചെയ്തു പാനലുകൾ വിതരണം ചെയ്തും പക്ഷം പിടിച്ചും ചേരി തിരിഞ്ഞും വോട്ട് തേടിയപ്പോൾ ശുശ്രൂഷകർക്ക് ലഭിച്ച ഒരു എസ്. എം. എസ്. വ്യത്യസ്ത പുലർത്തി. ഞാൻ സ്റ്റേറ്റ് കൗൺസിൽ ഇലക്ഷനിൽ മത്സരിക്കുന്നു. ഒരു പാനലിലും ഞാൻ ഉൾപ്പെട്ടില്ല. ഞാൻ സ്വതന്ത്രനാണ്. ശുശ്രൂഷകർ അത് അംഗീകരിച്ചു എന്നുള്ളതിന്റെ തെളിവാണ് പാസ്റ്റർ തോമസ്. എം. പുളിവേലിയ്ക്ക് ലഭിച്ച മാന്യമായ വിജയം. പാനലുകളെക്കാൾ വ്യക്തികളെയാണ് ജനം ശ്രദ്ധിക്കുന്നത് എന്ന് സാരം.



ഉദ്ഘാടന പ്രസംഗം
റവ. എം. കുഞ്ഞപ്പി



പ്രാർത്ഥന: പാസ്റ്റർ ജെ. ജോസഫ് ,
സമീപം പാസ്റ്റർ പി. ജി. മാത്യൂസ്



പ്രാർത്ഥന നയിക്കുന്ന പാസ്റ്റർ പി.ജെ ജെയിംസ്



പ്രസംഗം : റവ. സാം ജോർജ്ജ്



കൺവൻഷൻ ഗായകസംഘം



പ്രസംഗം റവ. പി. എ. വി. സാം



ആശംസ
ബ്രദർ. ജോസഫ് മറ്റത്തുകാല



സദസ്സ്



പാസ്റ്റർ പി. സി. ചെറിയാൻ



പാസ്റ്റേഴ്സ് കെ. വി. ജേക്കബ്, എം. ഇ. ബേബി, സി. എസ്. ഈശോ, തോമസ് എം. പുളിവേലിൽ, എ. റ്റി. ജോസഫ്, വൈ. ജോസ്, ബെൻസ് ഏബ്രഹാം, പി. എൻ. ഫിലിപ്പ്, ജോൺസൺ ദാനിയേൽ, കെ. എ. ഉമ്മൻ, സജു പി. മാത്യു, വൈ. റെജി, ജോസ് ബേബി, പി. സി. ചെറിയാൻ, ജെ. ജോസഫ്, പി. ജെ. ജെയിംസ്, എ. ഒ. ഏലിയാസ്, ഈപ്പൻ ചെറിയാൻ, എ. എം. വർഗ്ഗീസ്, കെ. വി. ജോയിക്കുട്ടി, റ്റി. എ. ജോർജ്ജ്, സജി ജോർജ്ജ് തുടങ്ങിയവർ വേദിയിൽ



പാസ്റ്റർ എം. ഒ. ഏലിയാസ്



ബ്രദർ കെ. ഏബ്രഹാം

# പാസ്റ്റർ പി. ജെ. ജെയിംസിന് ഒരു തുറന്ന കത്ത്

പ്രിയ ജെയിംസ് സാർ,

ദൈവസഭയുടെ പുതിയ ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ട താങ്കൾക്ക് ആദ്യമെ അഭിനന്ദനങ്ങളറിയിക്കുന്നു. അങ്ങ് ഈ സ്ഥാനത്തേയ്ക്ക് തികച്ചും യോഗ്യനാണ് എന്നതിന് രണ്ടു പക്ഷമില്ല. താങ്കളുടെ അനുഭവ സമ്പത്തും വിദ്യാഭ്യാസവും നേതൃത്വപാടവും എല്ലാം ദൈവസഭയുടെ പുരോഗതിയ്ക്ക് കാരണമാകും എന്നതിനും സംശയമില്ല. താങ്കളുടെ ശുശ്രൂഷാകാലയളവ് ദൈവസഭയ്ക്ക് അനുഗ്രഹമാകട്ടെ എന്നും ആശംസിക്കുന്നു.

ദൈവസഭയിലെ ഒരു സാധാരണ വിശ്വാസി എന്ന നിലയിലാണ് ഇത് എഴുതുന്നത്.

ആര് അധികാരത്തിൽ ഏറിയാലും അധികാരത്തിന്റെ ഇടനാഴികളിൽ കുപ്പായവും ഓന്തിനെപ്പോലെ നിറവും മാറി നടക്കുന്നവരെയാണ് ദൈവസഭയിൽ ജനം കഴിഞ്ഞ നാളുകളിൽ കണ്ടുവരുന്നത്. അധികാര സ്ഥാനത്ത് ആരെത്തിയാലും അവരോട് പറ്റിനിന്ന് സ്ഥാനങ്ങളും നല്ല സഭയും നേടിയെടുക്കുകയും വിദൂഷകരെപ്പോലെ മുഖസ്തുതി പറഞ്ഞ് അർഹരായവർക്ക് തടസ്സമായി നിൽകുകയും ചെയ്യുന്ന ഇത്തിൾ കണ്ണികളെ അങ്ങ് തിരിച്ചറിയണം. ഫീൽഡിൽ രക്തം വിയർപ്പാക്കി അദ്ധ്വാനിക്കുകയും ജീവിക്കുവാൻ കഷ്ടപ്പെടുകയും ചെയ്യുന്ന ദൈവദാസന്മാരെ തിരിച്ചറിയുവാനും അവർക്ക് സാന്ത്വനം ഏകുവാനും അങ്ങേയ്ക്ക് കഴിയും എന്ന് ഞങ്ങൾ ആശിക്കുന്നു. വയലിലെ ചൂടും പീഢകളും ഒക്കെ പേറി മടുത്തുപോകാതെ ആത്മാക്കളെ നേടുന്ന ദൈവദാസന്മാർ അങ്ങയേ കാണുവാൻ വരുമ്പോൾ അധികാരത്തിന്റെ ചെങ്കോൽ കാട്ടി അവഹേളിക്കുന്ന അധികാര ദല്ലാളന്മാരെ മുളക്കുഴയിൽ നിന്ന് ഒഴിച്ചു നിർത്തുവാൻ അങ്ങ് ശ്രദ്ധിച്ചാൽ ജനം എന്നും അങ്ങയെ സ്നേഹിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ശുശ്രൂഷയും സ്ഥാനവും പണ സമ്പാദനത്തിനുള്ള മാർഗ്ഗമായി കാണുകയും അനധികൃതമായി സ്വത്ത് സമ്പാദിച്ച് കൂട്ടുകയും ചെയ്യുന്നവരെ ഒരു പരിധിക്കപ്പുറം നിർത്തുവാൻ കഴിഞ്ഞാൽ താങ്കളുടെ ഈ ശുശ്രൂഷ വിജയമായി മാറും. ഇപ്പോൾ തന്നെ അധികാരത്തിന്റെ അപ്പ കഷ്ണങ്ങൾ വീതിച്ചെടുക്കുവാൻ കലപില കൂട്ടുന്നവർ അവകാശ വാദങ്ങളുമായി താങ്കളുടെ ചുറ്റിലുമുണ്ടെന്ന് ഞങ്ങൾക്കറിയാം. ചിലരൊക്കെ ചില സ്ഥാനങ്ങൾ അവകാശം പറഞ്ഞും ഉറപ്പി ച്ചും തലയുയർത്തി നിൽക്കുന്നു. അപ്പകഷണത്തിനായി ഇന്ന് വാലാട്ടുന്നവർ നാളെ തങ്ങളുടെ ഭീകര ദ്യംഷ്ടങ്ങൾ താങ്കളുടെ കരളിലേക്കും ആഴ്ത്തുവാൻ ചാടിയിറങ്ങുന്ന നാൾ മുമ്പിലുണ്ട്. ഇത് ഇവിടെ അധികാരത്തിലേറിയ എല്ലാ ഓവർസിയർമാരുടെയും അനുഭവമായത് ഞങ്ങൾ വിശ്വാസികൾ കണ്ടുകൊണ്ടിരിക്കുകയാണ്. അപ്പോൾ പ്രതികരണ ശേഷിയുള്ള ഒരു ജനക്കൂട്ടത്തിന്റെ മുഖം താങ്കൾ ഓർമ്മയിൽ വെയ്ക്കുന്നത് നന്നായിരിക്കും എന്ന വിനീതമായ അപേക്ഷയും ഞങ്ങൾ വെയ്ക്കുന്നു. അർഹതയുള്ളവർ വരട്ടെ. ദ്രവ്യാഗ്രഹമില്ലാത്തവർ അ ധികാരത്തിൽ എത്തട്ടെ. എന്നാൽ മുഖസ്തുതിയും ഗ്രൂപ്പു രാഷ്ട്രീയവും കളിച്ച് ചുറ്റും നിൽക്കുന്നവർ അധികാരത്തിന്റെ അപ്പകഷ്ണങ്ങൾ വീ തിച്ചെടുത്ത് അർഹരെ മാറ്റി നിർ ത്തുമ്പോൾ ഇവിടെ നിഷേധിക്കുന്നത് നീതിയാണ്. വർഷങ്ങളായി മലബാറിലും ഹൈറേഞ്ചിലും ചോരയും നീരും ഊറ്റിയവരുടെ നീതിയാണത്. വലിയ സഭകൾ ചി ലർക്ക് മാത്രം വീതിച്ചു നൽകി അ ത് അവരുടെ ജന്മവകാ ശംപോ ലെ കൈവെച്ച് അനുഭവിച്ച് വരുന്നത് ബഹുഭൂരിപക്ഷം ശുശ്രൂഷകരോടും ചെയ്യുന്ന അനീതിയാണ് എന്നതും മറക്കില്ല എന്നു കരുതട്ടെ.

ഭാരത മണ്ണിൽ തന്റെ ജീവിതം ഉഴിഞ്ഞുവെച്ച മഹാനായ പാവം കുക്ക് സായിപ്പിനോട് ഇവിടുത്തെ ആത്മീയ മാടമ്പിമാർ ചെയ്തത് പിന്നാമ്പുറ കഥകളായെങ്കിലും താങ്കളും കേട്ടിട്ടുണ്ടാകും. കുക്ക് സായിപ്പിന്റെ കണ്ണുനീർ ഇന്നും ഇവിടുത്തെ ഓവർസിയർമാരെ വിടാതെ പിൻതുടരുന്നു എന്നു പറഞ്ഞാൽ അതിശയോക്തി ആകുകയില്ല. കൊട്ടും കുരവയും അനുയായികളുടെ ഉയർത്തിയ കരങ്ങളും ഒക്കെ പിന്നണിയിൽ നിൽക്കുമ്പോൾ അധികാരത്തിന്റെ സോപാനത്തിൽ ഇരുന്ന ഓരോ ഓവർസിയർമാരും മറന്നുപോയത് ഇവിടുത്തെ സാധാരണക്കാരെയാണ്. അങ്ങേയ്ക്ക് ആ നില വരാതെയിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അഴിമതിയ്ക്കും അനീതിയ്ക്കും വശംവദനാകാത്ത വ്യക്തിത്വമാണ് താങ്കളുടേത് എന്ന് ഇവിടെ ജനം വിശ്വസിക്കുന്നു. എന്നാൽ നിൽക്കുന്ന മരത്തെ മുഖസ്തുതിയാൽ വളയ്ക്കുവാൻ കഴിവുള്ള നാക്കുമായി അവർ ചുറ്റും നിൽക്കുമ്പോൾ ഞങ്ങൾ അങ്ങയുടെ പ്രതികരണം ശ്രദ്ധാപൂർവ്വം വീക്ഷിക്കട്ടെ.

നാം ജീവിക്കുന്നത് സ്വതന്ത്ര ഭാരതത്തിലാണ്. ഇന്ത്യൻ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കുന്ന സൊസൈറ്റിയാണ് ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ. ഇന്ത്യൻ നിയമത്തിന് അനുസൃതമായ ഭരണഘടനയും തെരഞ്ഞെടുപ്പ് സംവിധാനങ്ങളും ഇവിടെയുണ്ടാകണം. ജനാധിപത്യ സംവിധാനത്തിലൂടെ ജനത്തിന് അധികാരത്തിലിരിക്കുന്നവരെ തെരഞ്ഞെടുക്കുവാനുള്ള അവകാശമാണ് ഇന്ത്യൻ നിയമം നൽകുന്നത്. സായിപ്പ് നൽകുന്ന അപ്പകഷ്ണങ്ങൾക്കുവേണ്ടി നിയമത്തെ കാറ്റിൽ പറത്താതെ തെരഞ്ഞെടുക്കപ്പെട്ട സഭാ പ്രതിനിധികൾക്കും ശുശ്രൂഷകർക്കും തെരഞ്ഞെടുപ്പിൽ പങ്കാളിത്വം നൽകുവാൻ താങ്കൾ മുൻകൈയെടുക്കുമെന്ന് വിശ്വസിക്കുന്നു. പതിനഞ്ച് പേർ ചേർന്ന് ഓവർസിയറെ തെരഞ്ഞെടുക്കുന്നതും ശുശ്രൂഷകർ മാത്രം ചേർന്ന് കൗൺസിലിനെ തെരഞ്ഞെടുക്കുന്നതുമായ സമ്പ്രദായം മാറേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. വിശ്വാസികൾക്കും ശുശ്രൂഷകർക്കും ഒരുപോലെ പങ്കാളിത്വമുള്ള ഭരണ സംവിധാനം ദൈവസഭയിൽ ഉണ്ടാകേണം. ഇപ്പോഴുള്ള നിയമം ഇവിടെ സൃഷ്ടിക്കുന്നത് ഏകാധിപതികളായ ഓവർസിയറന്മാരെയാണ്. ഈ ഏകാധിപത്യ ഭരണം ദൈവസഭയെ കാലാനുസൃതമായി വളർത്തുകയല്ല മറിച്ച് തകർക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ കാര്യത്തിൽ താങ്കൾ മുൻകൈയെടുത്ത് ഒരു മാറ്റം ഇവിടെ കൊണ്ടുവരും എന്ന് ഞങ്ങൾ ആശിക്കുന്നു.

ഇത്രയും എഴുതിയത് താങ്കൾ ജനകീയനും അധികാര മത്സരങ്ങളിൽ നിന്ന് എന്നും അകന്ന് നിന്നിട്ടുമുള്ള വ്യക്തിയും ദൈവദാസന്മാരുടെ വേദന ഉൾക്കൊള്ളുകയും ചെയ്യുന്ന മാന്യനായ ദൈവദാസനുമാണെന്ന തിരിച്ചറിവിലാണ്. ദൈവം താങ്കളെയും ശുശ്രൂഷയെയും പുതിയ സ്ഥാനത്തെയും അനുഗ്രഹിക്കട്ടെ എന്നും ആശംസിക്കുന്നു.

*സസ്നേഹം*
*സാംകുട്ടി മാത്യു, റാന്നി*
*ചീഫ് എഡിറ്റർ,*
*ബിലീവേഴ്സ് ജേണൽ*

## കൺവൻഷൻ ഗ്രൗണ്ടിൽ ചുഴലിക്കാറ്റ് ആഞ്ഞടിച്ചു

പ്രിഫറൻസ് ബാലറ്റ് നടന്നു കഴിഞ്ഞ് വോട്ട് എണ്ണൽ പുരോഗമിക്കുമ്പോൾ അപ്രതീക്ഷിതമായി ചുറ്റിയടിച്ച ചുഴലികാറ്റിൽ പന്തലിന്റെ ഷീറ്റുകൾ പറന്നു പോയത് ജനത്തെ അങ്കലാപ്പിലാക്കി. വോട്ടെണ്ണൽ തീർന്നപ്പോൾ ഉണ്ടായ മുഴക്കവും എല്ലാം ഒത്തുച്ചേർന്നപ്പോൾ വ്യാഖ്യാനങ്ങൾ ഒത്തിരിവന്നു. ചർച്ച് ഓഫ് ഗോഡിന്റെ അവസ്ഥ വരും കാലങ്ങളിൽ ഇതുപോലെ ആകുമെന്ന് ഒരു കൂട്ടർ വ്യാഖ്യാനിച്ചപ്പോൾ മറ്റൊരു കൂട്ടരുടെ വ്യാഖ്യാനം അടയാളം കാണിച്ചു പോയതാണെന്നാണ്. ഏലിയാവിനെ എടുക്കുവാൻ ചുഴലിക്കാറ്റ് അടിച്ചതായി വേദപുസ്തകത്തിൽ കാണുന്നു. എന്തായാലും കൺവൻഷൻ ഗ്രൗണ്ടിൽ ഏലിയാവുമാരാരും ഇല്ലാതിരുന്നത് ഭാഗ്യം.

## 'തീം' പ്രസംഗം ഒഴിവാക്കണം

ഇന്ന് കൺവൻഷനുകളിലെല്ലാം ഒരു ചിന്താവിഷയം പലതായി കീറിമുറിച്ച് പ്രസംഗകർക്ക് നൽകുകയാണ് പതിവ്. അതുകൊണ്ട് തന്നെ കുറെ വാക്യങ്ങളും കഥകളും പ്രസംഗങ്ങളുമൊക്കെ ബുദ്ധിയിൽ തട്ടിക്കൂട്ടി പ്രസംഗിക്കുകയാണ്. എന്നാൽ വിഷയത്തോട് നീതി പുലർത്തുവാൻ ഭൂരിപക്ഷം പ്രസംഗകർക്കും കഴിയുന്നില്ല. ലഭിച്ച വിഷയത്തിൽ ഒതുങ്ങിനിന്ന് അവതരിപ്പിക്കുവാൻ പലർക്കും കഴിയുന്നില്ല. എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കുമെന്ന ചിന്താവിഷയത്തിൽ മുപ്പല്ലിയും പെട്ടകവും ഒക്കെ തിരികി കയറ്റി മിടുക്കന്മാർ കൈയടി വാങ്ങി. എന്നാൽ വിഷയത്തിൽ ഒതുങ്ങിനിന്ന് നന്നായി അവതരിപ്പിച്ചവരിൽ കാനം അച്ചനും പാസ്റ്റർ ജോൺ ഫിലിപ്പ് ഏഴംകുളവും ശോഭിച്ചു. അതിഥി പ്രസംഗകനായി എത്തിയ കർണ്ണാടക ഐ. പി. സി. പ്രസിഡന്റ് റവ. സാം ജോർജ്ജും ഇക്കാര്യത്തിൽ വിജയിച്ചു. വിഷയവുമായി യാതൊരു ബന്ധവുമില്ലാതെ പ്രസംഗിച്ചുപോയവരുമുണ്ട്.

ജനത്തോട് ദൈവാത്മാവ് സംസാരിക്കേണ്ടത് നമ്മൾ അങ്ങോട്ട് വിഷയങ്ങൾ കൊടുത്തിട്ടല്ല. മറിച്ച് ദൈവദാസന്മാരെ ദൈവാത്മാവ് ഏല്പിച്ച ദൂതുകൾ സ്വാതന്ത്ര്യത്തോടെ പ്രസംഗിക്കുവാൻ അവസരം ഒരുക്കിയാൽ ശുഷ്കമായ പ്രസംഗങ്ങളുടെ അവസ്ഥമാറി സമ്പന്നമാകും. അത് ജനത്തിന് അനുഗ്രഹവുമാകും. പാസ്റ്റേഴ്സ് കോൺഫറൻസിൽ തീം അനുസരിച്ച് പ്രസംഗിക്കുന്നത് കൊള്ളാം. എന്നാൽ കൺവൻഷന് അത് പ്രയോജനപ്പെടുന്നുവോയെന്ന് സംഘാടകർ ചിന്തിക്കുന്നത്നന്നായിരിക്കും.

1 –ാം പേജ് തുടർച്ച

## റവ. എം. കുഞ്ഞപ്പി പുറത്തേയ്ക്ക് .....

കാര സ്ഥാനങ്ങളിലേക്കും മാറ്റത്തിനുള്ള ശ്രമം ചിലകേന്ദ്രങ്ങൾ അണിയറയിൽ ആരംഭിച്ചു കഴിഞ്ഞു.

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് റീജിയൻ ഓവർസിയറായി പാസ്റ്റർ ജോസഫ്. റ്റി. സാം തെരഞ്ഞെടുക്കപ്പെട്ടു. 16–ാം തീയതി നടന്ന തെരഞ്ഞെടുപ്പിൽ നാല് സ്ഥാനാർത്ഥികളായിരുന്നു ഉണ്ടായിരുന്നത്. 113 വോട്ടു നേടി മറ്റുള്ളവരെക്കാൾ ബഹുദൂരം ജോസഫ് റ്റി. സാം മുന്നിലെത്തി. യൂത്ത് ഡയറക്ടർ, ഇവാഞ്ചലിസം ഡയറക്ടർ പദവികൾ വഹിച്ചിട്ടുണ്ട്. നിലവിൽ എഡ്യൂക്കേഷൻ ഡയക്ടറായി പ്രവർത്തിച്ചുവരികയായിരുന്നു. റീജിയനിലെ ആദ്യകാല ശുശ്രൂഷകരിൽ ഒരാളായിരുന്ന മുക്കാഞ്ഞിരം കെ. സി. എന്ന് അറിയപ്പെട്ടിരുന്ന ദൈവദാസന്റെ മകനാണ്. മുളക്കുഴ മൗണ്ട് സിയോനിൽ വേദവിദ്യാഭ്യാസം നിർവ്വഹിച്ച റവ. ജോസഫ് റ്റി. സാം 1975 മുതൽ ദൈവസഭാ ശുശ്രൂഷകനാണ്. ഭാര്യ. സാറാമ്മ, മക്കൾ: സാംലിമോൾ, ഷെല്ലിമോൾ,

## കൗൺസിൽ അംഗങ്ങൾ


പാ. പി. ജെ. ജെയിംസ്


ബെൻസ് ഏബ്രഹാം


എ. റ്റി. ജോസഫ്


വൈ. റെജി


ജോൺസൺ ദാനിയേൽ


എം. ജോൺസൺ


തോമസ് പുളിവേലിൽ


മാത്യു കെ. ഫിലിപ്പ്


ഷിബു. കെ. മാത്യു


റ്റി. എ. ജോർജ്ജ്


എം. ഇ. ബേബി


റ്റി. സി. ചെറിയാൻ


കെ. വി. ജോയിക്കുട്ടി


കെ.കോരുത്


ജെ. ജോസഫ്

**തെരഞ്ഞെടുപ്പ് സംബന്ധമായ കൂടുതൽ വിശകലനങ്ങളും നിരീക്ഷണങ്ങളും അടുത്ത ലക്കം മുതൽ വായിക്കുക**

**അറിയിപ്പ് : ബിലീവേഴ്സ് ജേണൽ വരിസംഖ്യ അടയ്ക്കാത്തവർക്ക് ഇനി മുതൽ അയയ്ക്കുന്നതല്ല**

**Special Supplment**

RNI. No. KERMAL/2008/26530

# Believers Journal



**BELIEVERS JOURNAL**
P.O. Box: 31, Manjadi P.O
Thiruvalla, Kerala - 689 105
Office: 9349276586, Mob: 9447368795
beljourn@gmail.com,www. beljourn.com






Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd. Eloor For Goodnews Printing Press Kottayam1 (Kerala ) Editor - Samkutty Mathew.